# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.637 05.06.2018-ൽ മറുപടിക്ക്**

**സഹകരണ സ്പിന്നിംഗ് മില്ലുകളിലെ മാനേജിംഗ് ഡയറക്ടർ നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ഉബൈദുള്ള** | **ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ മാനേജിംഗ് ഡയറക്ടർ നിയമനങ്ങൾക്ക് വിജിലൻസ് ക്ലിയറൻസ് ആവശ്യമാണെന്ന 2017-ലെ ഉത്തരവ് ഇറങ്ങിയതിനുശേഷം കേരളത്തിലെ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ വിജിലൻസ് ക്ലിയറൻസ് ഇല്ലാതെ ആരെയെങ്കിലും മേൽപറഞ്ഞ തസ്തികകളിൽ സ്ഥിരമായോ അധിക ചുമതലയിലോ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം നിയമനം നൽകിയത് ഏത് ചട്ട പ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. താൽക്കാലിക നിയമനമാണ് നൽകിയിട്ടുള്ളത്. |
| (ബി) കേരളത്തിലെ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതലയിൽ നിലവിൽ ആരെയെല്ലാമാണ് നിയമിച്ചിരിക്കുന്നത്; ഇവരുടെ വിദ്യാഭ്യാസ യോഗ്യതയും എത്ര കാലയളവിലേക്കാണ് അധിക ചുമതലയിൽ നിയമനം നൽകിയിരിക്കുന്നതെന്നുള്ളതും വ്യക്തമാക്കുമോ; അധികചുമതല/ഇൻ-ചാർജ്ജ് എന്നിവ മൂന്ന് മാസത്തിൽ അധികരിക്കരുതെന്ന സർവ്വീസ് ചട്ടം/സഹകരണ ചട്ടം നിലവിലുണ്ടോ; | (ബി) തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ ശ്രീ.പി.എസ്.ശ്രീകുമാറിനും, മാൽകോടെക്സിൽ ശ്രീ.സി.ആർ.രമേഷിനും, കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽ ശ്രീ.ബി.അരുൾ ശെൽവനും ടെക്സ്ഫെഡിൽ ശ്രീ.എം.കെ.സലീമിനുമാണ് മാനേജിംഗ് ഡയറക്ടറുടെ അധികചുമതല നൽകിയിരിക്കുന്നത്. താൽക്കാലികമായാണ് അധികചുമതല നൽകിയിരിക്കുന്നത്. മേൽ തസ്തികയിലേക്കുള്ള സ്ഥിരനിയമനത്തിനുള്ള നടപടികൾ സർക്കാർ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.<br><br>ശ്രീ.പി.എസ്.ശ്രീകുമാറിനും ശ്രീ.സി.ആർ. രമേഷിനും ടെക്സ്റ്റൈൽ ടെക്നോളജിയിൽ ഡിപ്ലോമയും ശ്രീ.ബി.അരുൾശെൽവന് ടെക്സ്റ്റൈൽ ടെക്നോളജിയിൽ എം.ടെക് പി.ജിയും ശ്രീ.എം.കെ.സലീമിന് എം.എസ്.ഡബ്യൂയുമാണ് വിദ്യാഭ്യാസ യോഗ്യത. |

| | |
|---|---|
| (സി) വിജിലൻസ് അന്വേഷണം നേരിടുന്ന ആരെയെങ്കിലും 2018 ഏപ്രിൽ മാസം മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതലയിൽ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നിയമനം നൽകുവാനുണ്ടായ കാരണം വ്യക്തമാക്കുമോ; | (സി) വിജിലൻസ് അന്വേഷണം നേരിടുന്നവരെ നിയമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) സ്പിന്നിംഗ് മില്ലുകളിൽ നിലവിൽ എം.ഡി/എം.ഡി.യുടെ അധിക ചുമതല/ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥരിൽ അഴിമതി ആരോപണത്തിൽ വിജിലൻസ്/വകുപ്പ് തല അന്വേഷണം നേരിടുന്നവർ ആരെല്ലാമാണെന്നും ഇവരുടെ പേരിൽ ആരോപിക്കപ്പെട്ട അഴിമതികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ഡി) വിവരങ്ങൾ ലഭ്യമല്ല. |
| (ഇ) റിയാബ് മുഖാന്തരം യോഗ്യതയുള്ള എം.ഡി.മാരെ നിയമിക്കുന്നതിന് പുതിയ നോട്ടിഫിക്കേഷൻ പുറത്തിറക്കുമോ;എം.ഡി നിയമനത്തിന് വേണ്ട യോഗ്യത, പ്രവർത്തന പരിചയം, പ്രായപരിധി എന്നിവ വ്യക്തമാക്കുമോ? | റിയാബ് മുഖേന മാനേജിംഗ് ഡയറക്ടറുമാരെ നിയമിക്കുന്നതിനുള്ള നടപടി സർക്കാർ ആരംഭിച്ച കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ